**കേരള സർക്കാർ**

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു വാട്ടർ ടാപ്പ് ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശിക - ഗ്രാന്റുകളിൽ നിന്നും കുറവാക്കി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. 1583/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 11.06.2012.

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.03.2009-ലെ സ.ഉ.(സാധാ.)നം. 816/2009.
2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 21.08.2009-ലെ സ.ഉ.(സാധാ.) നം. 2153/2009.
3. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.08.2010-ലെ സ.ഉ.(സാധാ.) നം. 2667/2010.
4. ധനകാര്യ വകുപ്പിന്റെ 10.02.2012-ലെ കുറിപ്പ് നമ്പർ 13330/എസ്.എഫ്.സി.എ1/2012.
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 22.02.2012-ൽ ചേർന്ന യോഗ തീരുമാനം ഇനം 2.9.
6. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.02.2012-ലെ സ.ഉ.(സാധാ.) നമ്പർ 600/2012.
7. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.02.2012-ലെ സ.ഉ.(സാധാ.) നമ്പർ 601/2012.
8. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വാട്ടർ ചാർജ്ജ് കുടിശികയെ സംബന്ധിച്ച് 09.05.2012-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി തീരുമാനങ്ങൾ.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൊതു വാട്ടർ ടാപ്പ് ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള കുടിശ്ശികയെ സംബന്ധിച്ച് പരാമർശം 1, 2, 3 ഉത്തരവുകളിലെ നടപടികൾക്കും 4-ലെ കുറിപ്പിനും 5-ലെ തീരുമാനത്തിനും വിധേയമായി 6-ലെയും 7-ലെയും ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

പരാമർശം 6-ലെ ഉത്തരവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാക്കിയുള്ള രണ്ടു തവണകളിലേതുൾപ്പെടെ മുഴുവൻ വാട്ടർ ചാർജ്ജും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷം തന്നെ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കണമെന്ന് ഉത്തരവായിരുന്നു. ബന്ധപ്പെട്ട കണക്കുകളുടെ വിശദാംശങ്ങൾ ഏപ്രിൽ മാസത്തിൽ സർക്കാരിന് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിശദാംശങ്ങൾ ചർച്ച ചെയ്ത പരാമർശം 8-ലെ യോഗ നടപടി തീരുമാനങ്ങളനുസരിച്ച് ചുവടെപ്പറയും പ്രകാരം ഉത്തരവാകുന്നു.

1. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പൊതു വാട്ടർ ടാപ്പുകളുടെ വാട്ടർ ചാർജ് കേരള വാട്ടർ അതോറിറ്റി നിർദ്ദേശിക്കുന്ന തീയതികൾക്കുള്ളിൽ നിശ്ചയമായും ഒടുക്കിയിരിക്കേണ്ടതാണ്. ഈ ഇനത്തിൽ ഇനി കുടിശിക ഉണ്ടാകാൻ പാടില്ലാത്തതാണ്.
2. ഗ്രാമ പഞ്ചായത്തുകൾ ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം ഇനിയും ഒടുക്കേണ്ട 21,77,94,994 രൂപ പഞ്ചായത്ത് ഡയറക്ടർ ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദിക്കുന്ന മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഒറ്റത്തവണയായി കുറച്ച് കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതാണ്.
3. നഗരസഭകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ഒടുക്കാൻ ശേഷിക്കുന്ന 15.66 കോടി രൂപ റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ വരുന്ന രണ്ട് തവണകളായി അനുവദിക്കുന്ന തുകയിൽ നിന്നും നഗരകാര്യ ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കി കുടിശിക നിവാരണം നടത്തേണ്ടതാണ്.

4. മുനിസിപ്പൽ കോർപ്പറേഷനുകളിൽ

**4.1) കൊച്ചി നഗരസഭ**

4.1.1) വാട്ടർ ടാപ്പുകളുടെയെണ്ണം ചാർജ്ജ് തുടങ്ങിയ കാര്യങ്ങളിൽ കേരള വാട്ടർ അതോറിറ്റിയുമായി ഒരു മാസത്തിനകം യോജിപ്പിലെത്തണം.
4.1.2) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിനത്തിൽ ഇനിയും നൽകാനുള്ള 25.71 കോടി രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ തുടർ തവണകളിൽ നിന്നും റിക്കവറി ചെയ്യുന്നത് നഗരകാര്യ ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതാണ്.

**4.2) കൊല്ലം നഗരസഭ**

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിനത്തിലെ കുടിശിക 2.12 കോടി രൂപ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വരുന്ന തവണകളിൽ നിന്നും റിക്കവറി ചെയ്യുന്നത് നഗരകാര്യ ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതാണ്.

**4.3) തൃശ്ശൂർ നഗരസഭ**

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിനത്തിലെ കുടിശിക നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിന്റെ വരുന്ന തവണകളിൽ നിന്നും റിക്കവറി ചെയ്യുന്നത് നഗരകാര്യ ഡയറക്ടർ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കേണ്ടതാണ്.

**4.4) തിരുവനന്തപുരം നഗരസഭ**

4.4.1) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിനത്തിൽ ഒടുക്കാനുണ്ടായിരുന്ന മുഴുവൻ തുകയും ഒടുക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയോട് കൂട്ടിചേർക്കപ്പെട്ട ഗ്രാമ പഞ്ചായത്തുകൾ നൽകേണ്ടിയിരുന്ന തുക നഗരസഭക്ക് കേരള വാട്ടർ അതോറിറ്റി നൽകാനുള്ള വസ്തു നികുതിയിൽ നിന്നും തട്ടികഴിക്കുന്നതിന് ആവശ്യമായ നടപടികൾ നഗരസഭയും കേരള വാട്ടർ അതോറിറ്റിയും കൈക്കൊള്ളേണ്ടതാണ്.

**4.5) കോഴിക്കോട് നഗരസഭ**

ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിനത്തിൽ 19.19 കോടി രൂപ നൽകാനുണ്ടായിരുന്നതിൽ 2.58 കോടി രൂപ മാത്രമേ ഒടുക്കിയിട്ടുള്ളു. ബാക്കി 16.5 കോടി നൽകാനുണ്ട്. ഇക്കാര്യത്തിൽ നഗരസഭ വാട്ടർ അതോറിറ്റിക്ക് കൈമാറിയ വാട്ടർ സപ്ലൈ സ്കീമിന്റെ അസെറ്റ് വാല്യൂവേഷനുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നൽകുന്ന വാല്യൂവേഷന് മേൽ ധാരണയിലെത്തി കുടിശിക നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.

5. മേലുത്തരവുകൾ കർശനമായി പാലിച്ച് വകുപ്പധ്യക്ഷന്മാർ സർക്കാരിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ജമുന,
അഡിഷണൽ സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
മേയർ / സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷനുകൾ, തിരുവനന്തപുരം / കൊല്ലം / കൊച്ചി / തൃശ്ശൂർ / കോഴിക്കോട്.
മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
സെക്രട്ടറി, ജലവിഭവ വകുപ്പ്.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.